"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു ഭരണ വകുപ്പ്- കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സുഗമമായി നിർവഹിക്കുന്നതിന് തിരഞ്ഞെടുപ്പിന്റെ വേഗതയും കാര്യക്ഷമതയും നിലനിർത്തുന്നതിന് 35 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട്- ഉത്തരവാകുന്നു.

**പൊതു ഭരണ (സ്പെഷ്യൽ ഇ ) വകുപ്പ്**

സ.ഉ.(കൈ) നം.23/2026/GAD തീയതി,തിരുവനന്തപുരം, 06-03-2026

പരാമർശം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 24.03.2022, 19.07.2024, 20.02.2026 തീയതികളിലെ EST 2-3/32735/09/GW നമ്പർ കത്തുകൾ.

**ഉത്തരവ്**

സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, പുതുതായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്നിവയ്ക്കു വേണ്ടിയുള്ള ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്, പ്രവൃത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അധിക തസ്തികകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി പരമർശിത കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സുഗമമായി നിർവഹിക്കുന്നതിന് തിരഞ്ഞെടുപ്പിന്റെ വേഗതയും കാര്യക്ഷമതയും നിലനിർത്തുന്നതിന് 6 സെക്ഷനുകൾ ആരംഭിക്കുന്നതിനു ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 35 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ജോയിന്റ് സെക്രട്ടറി | 1 |
| 2 | അണ്ടർ സെക്രട്ടറി | 3 |
| 3 | സെക്ഷൻ ഓഫീസർ | 6 |
| 4 | അസിസ്റ്റന്റ് | 18 |
| 5 | സിസ്റ്റം മാനേജർ | 1 |
| | | |

| | | |
|---|---|---|
| 6 | നെറ്റ് വർക്ക് എൻജിനീയർ | 1 |
| 7 | സിസ്റ്റം അനലിസ്റ്റ് | 1 |
| 8 | അസിസ്റ്റന്റ് ഹാർഡ് വെയർ എൻജിനീയർ | 2 |
| 9 | സെക്യൂരിറ്റി ഗാർഡ് (ദിവസ വേതനം) | 2 |
| | ആകെ | 35 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ&ഇ ) കേരള, തിരുവനന്തപുരം.
പൊതുഭരണ( എസ് സി) വകുപ്പ് (ഇനം നമ്പർ **3831** തീയതി **05.03.2026).**
ധനകാര്യ വകുപ്പ് **(EXP-A2/94/2021-FIN).**
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad. S
Date: 07-03-2026 10:37:07
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പി എസ് - ന്.
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-03-2026

ഫയൽ നം. സ്പെഷ്യൽ.ഇ1/23/2021/പൊ.ഭ.വ. ഇനം നം: 3831

വിഷയം : പൊതുഭരണ വകുപ്പ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ 35 തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുഭരണ വകുപ്പ്.

SM
6/03/26
1 pm.

3831

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | സ്പെഷ്യൽ.ഇ 1/23/2021/പൊ.ഭ.വ |
| 2 | വകുപ്പ് | : | പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് |
| 3 | വിഷയം | : | കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ 35 തസ്തികകൾ സൃഷ്ടിക്കുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01.03.2026 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സുധ. ബി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.03.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.03.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ 35 തസ്തികകൾ സൃഷ്ടിക്കുന്നതാണ് ഈ കുറിപ്പിലെ വിഷയം.

2. സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ പുതുതായി രൂപീകരിച്ച കേരള ഭരണ സർവ്വീസ് എന്നിവയ്ക്ക് വേണ്ടിയുള്ള ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് 130 തസ്തികകൾ അധികമായി അനുവദിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ശിപാർശ സമർപ്പിച്ചിരുന്നു.

3. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിജ്ഞാപന പ്രകാരമുള്ള എല്ലാ തസ്തികകളിലേയ്ക്കും വാർഷിക കലണ്ടർ പ്രസിദ്ധീകരിച്ച് പരീക്ഷകൾ, വെരിഫിക്കേഷൻ, മുഖാമുഖം, പ്രായോഗിക കായിക ക്ഷമതാ പരീക്ഷകൾ എന്നിവ കാലതാമസമില്ലാതെ നടത്തിവരികയാണ് എന്നും, വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ തന്നെ പരീക്ഷകൾ നടത്തിക്കൊണ്ടിരിക്കുകയാണ് എന്നും, യൂണിഫോംഡ് ഫോഴ്സ് തസ്തികകളുടെ സെലക്ഷൻ വാർഷിക അടിസ്ഥാനത്തിലാക്കിയിട്ടുണ്ട് എന്നും, പ്രധാനപ്പെട്ട എല്ലാ തസ്തികകളുടെയും റാങ്ക് പട്ടികകളുടെ കാലാവധി തീരുന്നതിനു തൊട്ടടുത്ത ദിവസം തന്നെ പുതിയ റാങ്ക് പട്ടിക നിലവിൽ വരും വിധമാണ് നിലവിൽ തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുന്നത് എന്നും, നിലവിലെ Staff Strength ഈ ലക്ഷ്യങ്ങൾ തുടർച്ചയായി കൈവരിക്കാൻ അപര്യാപ്തമാണെന്നും അതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അധിക തസ്തികകളുടെ ആവശ്യകത സംബന്ധിച്ച പ്രവൃത്തി പഠന റിപ്പോർട്ട് കൂടി പരിഗണിച്ച് അധിക തസ്തികകൾ അനുവദിക്കണമെന്ന കമ്മീഷന്റെ ആവശ്യം അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി.

4. ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന റിമാർക്സ് ലഭ്യമാക്കുകയുണ്ടായി .

"പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിൽ അനുവദിയ്ക്കപ്പെട്ടിട്ടുള്ള മനുഷ്യവിഭവ ശേഷി ഉപയോഗിച്ച് സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് പ്രർത്തനങ്ങൾ ക്രമീകരിക്കണം എന്നും സർക്കാരിന്റെ വിഭവശേഷി അധിക

തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാൻ പര്യാപ്തമല്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

5. ഫയൽ ചംക്രമണം ചെയ്തപ്പോൾ, ധനകാര്യ വകുപ്പ് മന്ത്രി ചുവടെ ചേർത്തിരിക്കുന്ന നിർദേശം നൽകുകയുണ്ടായി.

'വളരെ അത്യാവിശം വേണ്ടുന്ന മിനിമം പോസ്റ്റുകളെ മാത്രം ഉൾപ്പെടുത്തി സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്'.

6. തുടർന്ന് ചുവടെ ചേർത്തിരിക്കുന്ന 78 തസ്തികകൾ അനുവദിക്കുന്നതിനു കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ശിപാർശ സമർപ്പിച്ചു.

**Details of Additional Post Required**

| Sl. No. | Name of Post | Number of Post |
|---|---|---|
| 1 | Additional Secretary | 1 |
| 2 | Joint Secretary | 2 |
| 3 | Deputy Secretary | 3 |
| 4 | Under Secretary | 8 |
| 5 | Section Officer | 15 |
| 6 | Assistant | 40 |
| 7 | System Manager | 1 |
| 8 | Network Engineer | 1 |
| 9 | System Analyst | 1 |
| 10 | Assistant Hardware Engineer | 4 |
| 11 | Security Guard Gr.I/Head Guard | 2 |
|  | **Total** | **78** |

7. ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് മന്ത്രി ചുവടെ ചേർത്തിരിക്കുന്ന നിർദേശം നൽകിയിട്ടുണ്ട്.

'കേരള പബ്ലിക് സർവീസ് കമ്മീഷനിൽ 6 സെക്ഷനുകൾ ആരംഭിക്കുന്നതിനാവശ്യമായ മിനിസ്റ്റീരിയൽ തസ്തികകളും 5 സാങ്കേതിക വിഭാഗം തസ്തികകളും അനുവദിക്കാവുന്നതാണ്.

ഇത് കൂടാതെ 2 സെക്യൂരിറ്റി ഗാർഡുമാരെ ദിവസ വേതന അടിസ്ഥാനത്തിൽ

നിയോഗിക്കാനും അനുമതി നൽകാവുന്നതാണ്

<u>സൃഷ്ടിക്കാവുന്ന റഗുലർ തസ്തികകൾ താഴെ കൊടുക്കുന്നു</u>' .

| Sl. No. | Name of Post | Number of Post |
|---|---|---|
| 1 | Joint Secretary | 1 |
| 2 | Under Secretary | 3 |
| 3 | Section Officer | 6 |
| 4 | Assistant | 18 |
| 5 | System Manager | 1 |
| 6 | Network Engineer | 1 |
| 7 | System Analyst | 1 |
| 8 | Assistant Hardware Engineer | 2 |
| 9 | Security Guard (ദിവസ വേതനം ) | 2 |
| | **Total** | **35** |

8. മേൽ ശിപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി.

<u>**തീരുമാനിക്കേണ്ട വിഷയം**</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സുഗമമായി നിർവഹിക്കുന്നതിന് തിരഞ്ഞെടുപ്പിന്റെ വേഗതയും കാര്യക്ഷമതയും നിലനിർത്തുന്നതിന് വേണ്ടി ഖണ്ഡിക 7-ൽ നൽകിയിട്ടുള്ളതിൻ പ്രകാരം 35 തസ്തികകൾ സൃഷ്ടിക്കാമോ?